File hosted by educationobserver.com/forum



1. ഒരു ബാങ്കിൽ 4 വർഷത്തേക്ക് ഒരു നിശ്ചിത തുക നിക്ഷേപിച്ചപ്പോൾ തുക ഇരട്ടിയായി. എങ്കിൽ പലിശ നിരക്ക് എത്ര ശതമാനമാണ് ?
   (A) 40% (B) 25% (C) 20% (D) 10%

2. JANUARY -യെ JNAYAUR എന്നെഴുതാമെങ്കിൽ DECEMBER -നെ എങ്ങനെ മാറ്റി എഴുതാം ?
   (A) DCMEEEBR (B) RBEEEMCD (C) DECBEREM (D) ഇതൊന്നുമല്ല

3. കൂട്ടത്തിൽ പെടാത്തത് എഴുതുക :
   (A) ലംബകം (B) ഗോളം (C) ക്യൂബ് (D) സിലിണ്ടർ

4. അടുത്ത സംഖ്യ ഏത് ?
   64, 49, 36, 25 ........
   (A) 10 (B) 15 (C) 18 (D) 16

5. ശില്പി : പ്രതിമ : : അദ്ധ്യാപകൻ : ____________
   (A) ക്ലാസ്സ് (B) പുസ്തകം (C) വിദ്യാർത്ഥി (D) ബ്ലാക്ക് ബോർഡ്

6. ഒരാൾ ആറു മീറ്റർ തെക്കോട്ട് സഞ്ചരിച്ചശേഷം 8 മീറ്റർ കിഴക്കോട്ട് സഞ്ചരിക്കുന്നു. എന്നാൽ അയാൾ ഇപ്പോൾ യാത്ര ആരംഭിച്ച സ്ഥലത്തുനിന്നും എന്തകലത്തിലാണ് ?
   (A) 10 മീ. (B) 14 മീ. (C) 2 മീ. (D) 7 മീ.

7. ക്ലോക്കിൽ സമയം 6 P.M. എന്ന് കാണിക്കുമ്പോൾ മിനിട്ടു സൂചിയും മണിക്കൂർ സൂചിയും തമ്മിലുള്ള കോണളവ് എത്ര ?
   (A) 60 ഡിഗ്രി (B) 90 ഡിഗ്രി (C) 0 ഡിഗ്രി (D) 180 ഡിഗ്രി

8. '+' എന്നത് '÷' -നേയും '−' എന്നത് '×' -നേയും '÷' എന്നത് '−' -നേയും '×' എന്നത് '+' -നേയും സൂചിപ്പിച്ചാൽ $3 - 4 \times 12 + 6 \div 6$ -ന്റെ വിലയെത്ര ?
   (A) 10 (B) −44 (C) −3 (D) 8

9. $5+6=31$, $6+7=43$, $7+8=57$ ആയാൽ $8+9=$ ____________
   (A) 69 (B) 73 (C) −80 (D) 65



WWW.KERALAPSCINSIDER.COM

File hosted by educationobserver.com/forum

10. ക്ലോക്കിന്റെ പ്രതിബിംബം ഒരു കണ്ണാടിയിലൂടെ നോക്കുമ്പോൾ സമയം 12.15 ആണ്. എന്നാൽ യഥാർത്ഥ സമയം എത്ര ?
(A) 9.45 (B) 11.45 (C) 11.50 (D) 9.50

11. ലോക ജലദിനമായി ആചരിക്കപ്പെടുന്നതെന്നാണ് ?
(A) ഫെബ്രുവരി 8 (B) മാർച്ച് 22 (C) ജൂൺ 5 (D) മെയ് 8

12. നാല് തവണ ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻമാരായ രാജ്യം ?
(A) അർജന്റീന (B) ജർമ്മനി (C) ഇറ്റലി (D) ഉറുഗ്വേ

13. ഒളിംപിക്സ് 2016 -ന് വേദിയാകാനുള്ള സ്ഥലം ?
(A) ലണ്ടൻ (B) ലോസ് ഏഞ്ചലസ്
(C) ഫ്രാൻസ് (D) റിയോഡി ജനീറോ

14. ലോക സമാധാനത്തിനുള്ള പ്രഥമ മാഹാതിർ അവാർഡ് ആർക്കാണ് ലഭിച്ചത് ?
(A) ബരാക്ക് ഒബാമ (B) നെൽസൺ മണ്ടേല
(C) മദർ തെരേസ (D) കോഫി അന്നൻ

15. ഏത് സംസ്ഥാനത്തിന്റെ സെക്രട്ടറിയേറ്റ് മന്ദിരമാണ് 'റൈറ്റേഴ്സ് ബിൽഡിംഗ്' എന്ന പേരിൽ അറിയപ്പെടുന്നത് ?
(A) വെസ്റ്റ് ബംഗാൾ (B) ആസ്സാം
(C) മഹാരാഷ്ട്ര (D) കർണ്ണാടക

16. ഇന്ത്യൻ ഭരണഘടനയുടെ ഏത് ആർട്ടിക്കിളിലാണ് Minority എന്ന വാക്ക് പ്രത്യക്ഷപ്പെടുന്നത് ?
(A) Article 25 (B) Article 26 (C) Article 28 (D) Article 29

17. 2013 -ലെ G - 20 രാജ്യങ്ങളുടെ ഉച്ചകോടി നടന്നത് എവിടെ ?
(A) സെന്റ് പീറ്റേഴ്സ് ബർഗ് (B) ബ്രിട്ടൻ
(C) സൗദി അറേബ്യ (D) ഫ്രാൻസ്

18. മേദിനി പുരസ്കാരം ഏത് രംഗവുമായി ബന്ധപ്പെട്ടതാണ് ?
(A) ശാസ്ത്രം (B) പരിസ്ഥിതി (C) കല (D) സാഹിത്യം

File hosted by educationobserver.com/forum

19. ലോകത്തിൽ ഏറ്റവും കൂടുതൽ സൗരോർജ്ജം ഉത്പാദിപ്പിക്കുന്ന രാജ്യം ?
(A) റഷ്യ (B) അമേരിക്ക (C) ജപ്പാൻ (D) ജർമ്മനി

20. 'ആപ്പിൾ കാർട്ട്' എന്ന കൃതി ആരുടെ രചനയാണ് ?
(A) ലിയോ ടോൾസ്റ്റോയ് (B) അമൃതാ പ്രീതം
(C) ജോർജ്ജ് ബർണാഡ് ഷാ (D) മിൽട്ടൻ

21. സൗരയൂഥം പിന്നിട്ട ആദ്യ മനുഷ്യനിർമ്മിത പേടകം :
(A) വൊയേജർ - 1 (B) ഇൻസാറ്റ് - 1 (C) സ്പുട്നിക് (D) GSLV - 7

22. പ്രകാശത്തിന് ഏറ്റവും കൂടുതൽ വേഗതയുള്ളത് എന്തിലാണ് ?
(A) ജലത്തിൽ (B) വായുവിൽ (C) ഗ്ലാസ്സിൽ (D) ശൂന്യതയിൽ

23. 'വിഡ്ഢികളുടെ സ്വർണ്ണം' എന്നറിയപ്പെടുന്ന അയിര് ഏത് ?
(A) അയൺ ക്ലോറൈഡ് (B) ഹേമറ്റൈറ്റ്
(C) അയൺ പൈറൈറ്റ്സ് (D) മാഗ്നറ്റൈറ്റ്

24. എത്ര ഡിഗ്രി സെൽഷ്യസ് ആണ് പൂജ്യം കെൽവിൻ (0 kelvin) എന്നു പറയുന്നത് ?
(A) 100 ഡിഗ്രി സെൽഷ്യസ് (B) 50 ഡിഗ്രി സെൽഷ്യസ്
(C) −273 ഡിഗ്രി സെൽഷ്യസ് (D) −50 ഡിഗ്രി സെൽഷ്യസ്

25. പാറ്റാ ഗുളികയായി ഉപയോഗിക്കുന്ന രാസവസ്തു ?
(A) എഥനോൾ (B) നാഫ്തലിൻ
(C) ഈഥൈൽ ആൽക്കഹോൾ (D) ബെൻസീൻ

26. മനുഷ്യനിൽ എയ്ഡ്സ് (AIDS) രോഗത്തിന് കാരണമായ രോഗാണു :
(A) ബാക്ടീരിയ (B) ഹ്യൂമൻ ഇമ്മ്യൂണോ വൈറസ്
(C) ഫംഗസ് (D) പ്രോട്ടോസോവ

27. ഒരു ആവാസവ്യവസ്ഥയിലെ ഉൽപാദകർ എന്നറിയപ്പെടുന്നവ ഏത് ?
(A) സൂക്ഷ്മ ജീവികൾ (B) ഹരിത സസ്യങ്ങൾ
(C) പ്രാണികൾ (D) കടുവകൾ

File hosted by educationobserver.com/forum

28. ഏത് വാതകങ്ങളാണ് ഗ്രീൻ ഹൗസ് ഇഫക്ടിന് കാരണമായിട്ടുള്ളത് ?

(A) അമോണിയയും ഓസോണും

(B) കാർബൺമോണോക്സൈഡും സൾഫർഡൈഓക്സൈഡും

(C) കാർബൺ ടെട്രാഫ്ലൂറൈഡും നൈട്രസ് ഓക്സൈഡും

(D) കാർബൺഡൈഓക്സൈഡും മീഥേനും

29. തറയിൽ ഇരിക്കുന്ന ഒരു വസ്തുവിന്റെ സ്ഥിതികോർജ്ജം എത്രയായിരിക്കും ?

(A) പൂജ്യം (B) 9.8 ജൂൾ (C) 10 ജൂൾ (D) 39.2 ജൂൾ

30. ഏത് ഹോർമോൺ ആണ് ജീവികൾക്ക് ബാഹ്യമായ ചുറ്റുപാടിൽ ആശയവിനിമയം നടത്താൻ സഹായിക്കുന്നത് ?

(A) തൈറോക്സിൻ

(B) ഫിറമോൺ

(C) ഇൻസുലിൻ

(D) സൈറ്റോ കൈനിൻ

31. 'ഫൈലിൻ ചുഴലിക്കാറ്റ്' ആദ്യമായി എത്തിച്ചേർന്ന ഇന്ത്യൻ പ്രദേശം :

(A) ശ്രീകാകുളം (B) വിശാഖപട്ടണം (C) ഗോപാൽപൂർ (D) ഭുവനേശ്വർ

32. 'ചീയപ്പാറ വെള്ളച്ചാട്ടം' ഏത് ജില്ലയിലാണ് ?

(A) കോഴിക്കോട് (B) ഇടുക്കി (C) വയനാട് (D) കൊല്ലം

33. കണ്ണൂർ ജില്ലയിലെ മണൽവാരലിനെതിരെ ഒറ്റയാൾ സമരം നടത്തുന്ന വനിത :

(A) ജസീറ (B) ജസീല (C) ജമീല (D) സബീറ

34. പൂർവ്വതീര റെയിൽവേയുടെ ആസ്ഥാനം എവിടെയാണ് ?

(A) കൊൽക്കത്ത (B) ഗൊരഖ്പൂർ (C) വിശാഖപട്ടണം (D) ഭുവനേശ്വർ

35. 163 ലോക രാജ്യങ്ങൾ ഒപ്പുവെച്ച 'റാംസർ' (Ramsar) ഉടമ്പടി പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന കേരളത്തിലെ പ്രദേശങ്ങളിലൊന്നാണ് :

(A) പൂക്കോട് തടാകം

(B) ശാസ്താംകോട്ട കായൽ

(C) സൈലന്റ് വാലി

(D) മൂന്നാർ

File hosted by educationobserver.com/forum

36. ഗാർഹിക പീഡനത്തിൽനിന്നും സ്ത്രീകൾക്ക് സംരക്ഷണം നല്കുന്ന നിയമം പാസാക്കിയ വർഷം :

(A) 2005 (B) 2004 (C) 2006 (D) 2007

37. റൂർക്കേല ഉരുക്കു നിർമ്മാണശാല ഏത് രാജ്യത്തിന്റെ സഹകരണത്തോടെ നിർമ്മിച്ചതാണ് ?

(A) ബ്രിട്ടൻ (B) റഷ്യ (C) ജർമ്മനി (D) ഫ്രാൻസ്

38. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തടയാൻ കേരളാ സർക്കാർ നടപ്പിലാക്കിയ പദ്ധതി :

(A) സാന്ത്വനം (B) അഭയ (C) തണൽ (D) നിർഭയ

39. കണ്ണൂരിലെ സെന്റ് ആഞ്ചലോ കോട്ട പണികഴിപ്പിച്ചതാര് ?

(A) ഫ്രാൻസിസ്കോ ഡി അൽമേഡ (B) അൽബുക്കർക്ക്

(C) വാസ്കോ ഡ ഗാമ (D) കബ്രാൾ

40. കേരളാ ബാംബു കോർപ്പറേഷന്റെ ആസ്ഥാനം :

(A) മാനന്തവാടി (B) അങ്കമാലി (C) നിലമ്പൂർ (D) കട്ടപ്പന

41. ഏറ്റവും കൂടുതൽ ദേശീയപാതകൾ കടന്നുപോകുന്ന ഇന്ത്യൻ സംസ്ഥാനം ഏത് ?

(A) മധ്യപ്രദേശ് (B) ആന്ധ്രാപ്രദേശ്

(C) രാജസ്ഥാൻ (D) ഉത്തർപ്രദേശ്

42. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആദ്യ ചെയർമാൻ :

(A) ജെ. എസ്. വർമ്മ (B) രംഗനാഥ് മിശ്ര

(C) എ. എസ്. ആനന്ദ് (D) എം. എൻ. വെങ്കിടചെല്ലയ്യ

43. പൗരത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടന ആർട്ടിക്കിൾ ഏത് ?

(A) 1 മുതൽ 5 വരെ (B) 12 മുതൽ 17 വരെ

(C) 5 മുതൽ 11 വരെ (D) 17 മുതൽ 23 വരെ

File hosted by educationobserver.com/forum

44. ഇപ്പോഴത്തെ റിസർവ്വ് ബാങ്ക് ഗവർണർ ആര് ?

(A) ഡോ. ബിമൽ ജലാൻ
(B) ഡോ. വൈ. വി. റെഡ്ഡി
(C) ഡി. സുബ്ബറാവു
(D) രഘുറാം രാജൻ

45. തഞ്ചാവൂർ ബൃഹദേശ്വര ക്ഷേത്രം പണികഴിപ്പിച്ച രാജാവ് :

(A) രാജരാജ ചോളൻ ഒന്നാമൻ
(B) രാജേന്ദ്ര ചോളൻ
(C) രാജാധിരാജ ചോളൻ
(D) കരികാല ചോളൻ

46. സ്വാമി വിവേകാനന്ദനെ വളരെ ആകർഷിച്ച, 'ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാൻ നിബോധത' എന്ന വാചകം ഏത് ഉപനിഷത്തിലേതാണ് ?

(A) മുണ്ഡകോപനിഷത്ത്
(B) ബൃഹദാരണ്യകോപനിഷത്ത്
(C) കഠോപനിഷത്ത്
(D) തൈത്തരീയോപനിഷത്ത്

47. 2013 ജൂലൈ ഒന്നിന് ഇന്ത്യ വിജയകരമായി വിക്ഷേപിച്ച നാവിഗേഷൻ സാറ്റലൈറ്റ് :

(A) ഐ. ആർ. എസ്. IA
(B) ഐ. ആർ. എൻ. എസ്. എസ് IA
(C) ഐ. ആർ. എൻ. എസ്. എസ്. IB
(D) ഐ. ആർ. എസ്. എസ്. IA

48. ഏത് വിദ്യാഭ്യാസ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് യു. ജി. സി. രൂപീകരിക്കപ്പെട്ടത് ?

(A) ഡോ. എസ്. രാധാകൃഷ്ണൻ കമ്മീഷൻ
(B) എൽ. എസ്. മുതലിയാർ കമ്മീഷൻ
(C) കോത്താരി കമ്മീഷൻ
(D) യശ്പാൽ കമ്മീഷൻ

49. ചേരിചേരാ പ്രസ്ഥാനം ഔദ്യോഗികമായി നിലവിൽ വന്ന സമ്മേളനം ?

(A) ബന്ദൂങ്ങ് സമ്മേളനം
(B) ബ്രിയോൺ സമ്മേളനം
(C) ബൽഗ്രേഡ് സമ്മേളനം
(D) ജക്കാർത്താ സമ്മേളനം

50. ഇന്ത്യയിൽ പഞ്ചായത്തീ രാജ് നിലവിൽ വന്ന ഭരണഘടനാ ഭേദഗതി :

(A) 73-ാം ഭേദഗതി
(B) 70-ാം ഭേദഗതി
(C) 71-ാം ഭേദഗതി
(D) 76-ാം ഭേദഗതി

File hosted by educationobserver.com/forum

51. 'നിലോക്കേരി' പരീക്ഷണ പദ്ധതി ആരുടെ ഉന്നമനം ലക്ഷ്യം വച്ചുള്ളതായിരുന്നു ?
(A) ഗ്രാമീണ ജനതയുടെ
(B) പട്ടിക ജാതിക്കാരുടെ
(C) വനിതകളുടെ
(D) അഭയാർത്ഥികളുടെ

52. കേരള സംസ്ഥാന വനിതാ കമ്മീഷന്റെ ആദ്യ അദ്ധ്യക്ഷ :
(A) കെ. സി. റോസക്കുട്ടി
(B) സുഗതകുമാരി
(C) എം. കമലം
(D) ജസ്റ്റിസ് ഡി. ശ്രീദേവി

53. ആദ്യമായി പ്ലാസ്റ്റിക് നിരോധിച്ച സംസ്ഥാനം :
(A) പഞ്ചാബ്
(B) ഹിമാചൽ പ്രദേശ്
(C) ഹരിയാന
(D) ഗുജറാത്ത്

54. റഷ്യയുടെ സഹകരണത്തോടെ ഇന്ത്യ വികസിപ്പിച്ച സൂപ്പർ സോണിക് ക്രൂയിസ് മിസൈൽ :
(A) പൃഥ്വി
(B) അഗ്നി
(C) തൃശൂൽ
(D) ബ്രഹ്മോസ്

55. കൂട്ടത്തിൽപ്പെടാത്തത് ഏത് ?
(A) ജുനഗഢ്
(B) തിരുവിതാംകൂർ
(C) ഹൈദരാബാദ്
(D) കാശ്മീർ

56. പോർച്ചുഗല്ലിനെ ഇന്ത്യയിൽ നിന്നും പുറത്താക്കുന്നതിനനുകൂലമായി യു.എൻ. രക്ഷാസമിതിയിൽ വീറ്റോ അധികാരം പ്രയോഗിച്ച രാജ്യം :
(A) ഫ്രാൻസ്
(B) ചൈന
(C) സോവിയറ്റ് റഷ്യ
(D) ബ്രിട്ടൺ

57. 'താൽച്ചർ' താപവൈദ്യുത നിലയം ഏത് സംസ്ഥാനത്താണ് ?
(A) ആന്ധ്രാപ്രദേശ്
(B) മഹാരാഷ്ട്ര
(C) പശ്ചിമ ബംഗാൾ
(D) ഒഡീഷ

58. ദേശീയ പട്ടിക ജാതി കമ്മീഷന്റെ ഇപ്പോഴത്തെ ചെയർമാൻ :
(A) പി. എൽ. പുനിയ
(B) എം. എസ്. ദീപക് സന്ധു
(C) ഡോ. കൻവർ സിംഗ്
(D) മദ്ദ ശർമ്മ

File hosted by educationobserver.com/forum

59. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പരിരക്ഷ ഉറപ്പാക്കുന്ന ഇൻഷുറൻസ് പദ്ധതി :

(A) ജനശ്രീ ബീമ യോജന (B) ആം ആദ്മി ബീമ യോജന

(C) ജീവൻ വിശ്വാസ് (D) ജീവൻ അനുരാഗ്

60. ഘനവ്യവസായ മേഖലയുടെ പുരോഗതിക്ക് ഊന്നൽ നല്കിയ പഞ്ചവത്സര പദ്ധതി :

(A) ഒന്നാം പഞ്ചവത്സര പദ്ധതി (B) രണ്ടാം പഞ്ചവത്സര പദ്ധതി

(C) മൂന്നാം പഞ്ചവത്സര പദ്ധതി (D) നാലാം പഞ്ചവത്സര പദ്ധതി

61. Choose the correct spelt word :

(A) bureaucrasy (B) bureoucracy (C) buroaucracy (D) bureaucracy

62. Fill in the blanks with suitable preposition :

I have been staying here __________ 2005.

(A) since (B) in (C) for (D) about

63. Fill in the blanks with suitable article :

__________ college has __________ new look.

(A) an, the (B) a, the (C) the, a (D) an, a

64. Choose the correct meaning of the following word :

Celebrity

(A) honesty (B) charity (C) grace (D) fame

65. Write the synonym of the word :

'fragrance'

(A) plant (B) scent (C) flower (D) sea

66. Choose the antonym of the word :

'rigid'

(A) arrogant (B) flexible (C) strong (D) cruel

67. Choose the opposite of the word given below :

'guest'

(A) ghost (B) host (C) friend (D) parent

File hosted by educationobserver.com/forum

68. Select the word or phrase which is nearest in meaning to the following word :
'agenda'
(A) programme (B) topic (C) schedule (D) assignment

69. Choose the correct word to replace the phrase given below :
Having the power to know everything.
(A) omniscient (B) omnipresent (C) omnipotent (D) noble

70. Fill in the blanks with the correct forms of verbs.
Raju enjoys __________ the dramas of Shakespeare.
(A) read (B) reading (C) to read (D) to be reading

71. Some accidents __________ by rash driving.
(A) caused (B) are caused (C) are causing (D) causing

72. Fill in the blanks with suitable tense forms of the verbs.
The Managing Director is away on tour. He __________ to London.
(A) went (B) has been (C) has gone (D) is gone

73. The earth __________ around the sun.
(A) revolve (B) revolves (C) revolving (D) revolved

74. Children __________ afraid of snakes.
(A) am (B) are (C) were (D) is

75. Fill in the blanks with correct reported speech.
Rani asked the girl __________ .
(A) what was she doing (B) what she was doing
(C) what she would done (D) what did she

76. Fill in the blanks with suitable question tags.
Children play football __________ ?
(A) did they (B) do they (C) don't they (D) didn't they

77. Meena danced well, __________ ?
(A) does she (B) did she (C) didn't she (D) doesn't she

File hosted by educationobserver.com/forum

78. Find out suitable one word for the following.

One who believes in God.

(A) Ethist (B) Secularist (C) Theist (D) Devotee

79. Person having profound knowledge.

(A) Clever (B) Hero (C) Scholar (D) Intelligent

80. A child whose father is dead :

(A) Spinster (B) Orphan (C) Widow (D) Prince

81. അവന്റെ സാമർത്ഥ്യം ഏവരേയും അതിശയിപ്പിച്ചു. സാമർത്ഥ്യം എന്ന പദം ഏത് വിഭാഗത്തിൽ പെടുന്നു ?

(A) നാമം (B) ക്രിയ (C) കൃത്ത് (D) തദ്ധിതം

82. താഴെ കൊടുത്തിരിക്കുന്നവയിൽ താമര എന്ന് അർത്ഥം വരാത്ത പദം ഏത് ?

(A) ജലദം (B) അംബുജം (C) വാരിജം (D) ജലജം

83. 'ആനമക്കാർ' ഏത് കൃതിയിലെ കഥാപാത്രമാണ് ?

(A) ബാല്യകാലസഖി (B) പാത്തുമ്മയുടെ ആട്

(C) ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു (D) മതിലുകൾ

84. ജ്ഞാനപീഠം പുരസ്കാരം ലഭിക്കാത്ത സാഹിത്യകാരൻ ആര് ?

(A) തകഴി ശിവശങ്കരപിള്ള (B) മലയാറ്റൂർ രാമകൃഷ്ണൻ

(C) എസ്. കെ. പൊറ്റാക്കാട് (D) എം. ടി. വാസുദേവൻ നായർ

85. 'സ്വർണ്ണവർണ്ണമരയന്നം' - ഈ പദത്തിന്റെ ശരിയായ വിഗ്രഹ രൂപം ഏത് ?

(A) സ്വർണ്ണത്തിന്റെ വർണ്ണമുള്ള അരയന്നം

(B) സ്വർണ്ണമാകുന്ന വർണ്ണമുള്ള അരയന്നം

(C) സ്വർണ്ണവും വർണ്ണവുമുള്ള അരയന്നം

(D) സ്വർണ്ണത്തേക്കാൾ വർണ്ണമുള്ള അരയന്നം

File hosted by educationobserver.com/forum

86. 'Girls eat ice cream' ഈ വാക്യത്തിന്റെ ഏറ്റവും ഉചിതമായ തർജ്ജമ ഏത് ?
(A) പെൺകുട്ടികൾ ഐസ്ക്രീം തിന്നു
(B) പെൺകുട്ടികൾ ഐസ്ക്രീം തിന്നും
(C) പെൺകുട്ടികൾ ഐസ്ക്രീം തിന്നുന്നു
(D) പെൺകുട്ടികളാണ് ഐസ്ക്രീം തിന്നുന്നത്

87. 'മഹാഭാരതം എന്ന ഇതിഹാസ ഗ്രന്ഥത്തിന്റെ രചയിതാവ് വ്യാസനാണ്' -വാക്യത്തിലെ തെറ്റായ പദം ഏത് ?
(A) വ്യാസൻ (B) ഗ്രന്ഥം (C) രചയിതാവ് (D) മഹാഭാരതം

88. 'മയ്യഴിയുടെ കഥാകാരൻ' എന്നറിയപ്പെടുന്ന സാഹിത്യകാരൻ ആരാണ് ?
(A) ആനന്ദ് (B) വി. കെ. എൻ (C) കോവിലൻ (D) എം. മുകുന്ദൻ

89. 'പുകവലി ആരോഗ്യത്തിന് ഹാനികരമാണ്' എന്നതിന് സമാനമായ ഇംഗ്ലീഷ് വാക്യം :
(A) Smoking is bad for health
(B) Smoking is injurious to health
(C) Smoking is good for health
(D) Smoking is not good for health

90. അത്യന്തം എന്ന പദം പിരിച്ചാൽ :
(A) അത്യ + അന്തം (B) അതി + അന്തം (C) അതി + യന്തം (D) അത്യ + യന്തം

91. $\left(1-\frac{1}{2}\right)\left(1-\frac{1}{3}\right)\left(1-\frac{1}{4}\right)\ldots\ldots\left(1-\frac{1}{10}\right)$ -ന്റെ വിലയെത്ര ?
(A) $\frac{9}{10}$ (B) $9^2$ (C) $\frac{1}{10}$ (D) $\frac{1}{2}$

92. ആനന്ദിന് 100 മീറ്റർ ഓടുന്നതിന് 11.5 സെക്കന്റ് സമയം വേണം. അജിത്തിന് 12.5 സെക്കന്റും വേണം. ആനന്ദ് ഫിനിഷ് ചെയ്യുമ്പോൾ അജിത്ത് എത്ര പിന്നിലായിരിക്കും ?
(A) 1 മീ. (B) 8 മീ. (C) 4 മീ. (D) 5 മീ.

93. 19 പേന വാങ്ങിയാൽ ഒരു പേന വെറുതെ ലഭിക്കും. എന്നാൽ കിഴിവ് എത്ര ശതമാനമാണ് ?
(A) 20% (B) 15% (C) 10% (D) 5%

File hosted by educationobserver.com/forum

94. $81^{0.2} \times 81^{0.3}$ -ന്റെ വിലയെത്ര?

(A) 9 (B) 1 (C) 81 (D) 2

95. കി.ഗ്രാമിന് 50 രൂപ വിലയുള്ള വെളിച്ചെണ്ണയും 70 രൂപ വിലയുള്ള വെളിച്ചെണ്ണയും ഏത് അംശബന്ധത്തിൽ ചേർത്താൽ കി.ഗ്രാമിന് 55 രൂപാ വിലയുള്ള വെളിച്ചെണ്ണ കിട്ടും ?

(A) 2 : 3 (B) 1 : 3 (C) 3 : 2 (D) 3 : 1

96. ഒരു മാസം 17-ാം തീയതി ഞായറാഴ്ച്ചയാണ്. എങ്കിൽ ആ മാസം 5-ാം തവണ വരാൻ സാധ്യതയുള്ളത് ഏതാഴ്ച്ചയാണ് ?

(A) ചൊവ്വ (B) തിങ്കൾ (C) ശനി (D) വ്യാഴം

97. ഒരു പേനയ്ക്കും ഒരു പെൻസിലിനും കൂടി 20 രൂപയാണ്. പേനയ്ക്ക് പെൻസിലിനേക്കാൾ 1 രൂപാ കൂടുതലാണ്. എന്നാൽ പേനയുടെ വിലയെത്ര ?

(A) 9 രൂപാ 50 പൈസ (B) 9 രൂപാ

(C) 10 രൂപാ (D) 10 രൂപാ 50 പൈസ

98. 300 -നും 500 -നും ഇടയിൽ 7 കൊണ്ട് നിശ്ശേഷം ഹരിക്കാവുന്ന എത്ര സംഖ്യകളുണ്ട് ?

(A) 29 (B) 28 (C) 30 (D) 27

99. ഒരു സമചതുരത്തിന്റെ ഒരു വശം 3 മടങ്ങായി വർദ്ധിച്ചാൽ അതിന്റെ വിസ്തീർണ്ണം എത്ര ശതമാനം വർദ്ധിക്കും ?

(A) 300% (B) 900% (C) 800% (D) 700%

100. $60 \div (12 + 3 \times 6 - 20 \div 2)$ -ന്റെ വിലയെത്ര ?

(A) 2.5 (B) 3 (C) 2 (D) 4

- o 0 o -